&

(ബി) 2008-മുതൽ ഇതുവരെ ഓരോ വർഷവും ഈ ഇനത്തിൽ കൈമാറിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ 11-ാം വകുപ്പ് പ്രകാരം ട്രാഫിക് നിയമലംഘനത്തിന് ഈടാക്കുന്ന പിഴയുടെ 50% പോലീസ് വകുപ്പ് നേരിട്ട് റോഡ് സേഫ്റ്റി അതോറിറ്റിക്ക് കൈമാറുന്നില്ല. മറ്റ് വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

കോവിഡ് നിയന്ത്രണങ്ങൾ പാലിക്കാത്തതിന് ഈടാക്കിയ പിഴ

127 (4852) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് നിയന്ത്രണങ്ങൾ പാലിക്കാത്തതിന്റെ പേരിൽ എത്ര രൂപയാണ് പൊതുജനങ്ങളിൽനിന്ന് പിഴയായി ഈടാക്കിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കോവിഡ് നിയന്ത്രണങ്ങൾ പാലിക്കാത്തതിന്റെ പേരിൽ 31-7-2021 വരെ 100,01,95,900 രൂപ (നൂറ് കോടി ഒരു ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി തൊള്ളായിരം രൂപ) പിഴയായി ഈടാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഇത്തരത്തിൽ സംസ്ഥാനത്തെ വ്യാപാരികളിൽനിന്നും ഈടാക്കിയിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ?

വ്യാപാരികളിൽ നിന്ന് 2,82,59,900 രൂപ (രണ്ട് കോടി എൺപത്തി രണ്ട് ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി തൊള്ളായിരം രൂപ) ഈടാക്കിയിട്ടുണ്ട്.

ഇ-കൊമേഴ്സ് ഏജൻസികൾ

128 (4853) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-കൊമേഴ്സ് ഏജൻസികളെ സഹായിക്കുവാനായി സംസ്ഥാന പോലീസ് മേധാവി, എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും 15-5-2021-ലെ റ്റി9-103231/2020 പി.എച്ച്.ക്യൂ. എന്ന നമ്പർ പ്രകാരം CoB മെസ്സേജ് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; ഏതെല്ലാം ഏജൻസികൾക്കു വേണ്ടിയാണ് പ്രസ്തുത മെസ്സേജ് നൽകിയിട്ടുള്ളതെന്നതിന്റെ വിശദവിവരം നൽകുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly